DEPUTY SPEAKER



# M.P. MOHAMMED JAFFER KHAN

Shri M.P. Mohammed Jaffer Khan, lawyer and senior leader of the Muslim League, was born in November 1932 as the son of Shri Fakrudhin Sahib and Smt. Sara Ummal. He had his education in Government High School, Thodupuzha, Maharaja's College, Saint Albert's College and Law College, Ernakulam. Soon he started practising as a lawyer and later served as the President of the Bar Associations of Thodupuzha and Moovattupuzha.

Shri Jaffer Khan was first elected to KLA in 1965 though this did not come into existence. He was again elected to third Kerala Legislative Assembly from Mattancherry Constituency. He held the Office of the Deputy Speaker from March 20, 1967 to June 26, 1970. He had also been the Chairman of Public Undertakings

Committee during 1968-70, Library Advisory Committee during 1968-69 and House Committee during 1970-71. During 1970-76, he served as Syndicate Member of the Kerala University.

Shri Jaffer Khan had also been a member of the High Power Committee of Muslim League and the Secretary of Ernakulam District Muslim League.

Smt. C.A. Fathima was his wife and they have four daughters.

Shri Mohammed Jaffer Khan expired on March 5, 2000.

The Assembly paid homage to him on March 29, 2000.

ഡെപ്യൂട്ടി
സ്പീക്കർ



# എം. പി. മുഹമ്മദ് ജാഫർഖാൻ

അഭിഭാഷകനും മുസ്ലീം ലീഗിന്റെ സമുന്നത നേതാവുമായിരുന്ന ശ്രീ. എം. പി. മുഹമ്മദ് ജാഫർഖാൻ 1932 നവംബറിൽ ശ്രീ. ഫക്രുദീൻ സാഹിബിന്റെയും ശ്രീമതി സാറാ ഉമ്മാളിന്റെയും മകനായി ജനിച്ചു. തൊടുപുഴ ഗവൺമെന്റ് ഹൈസ്ക്കൂൾ, മഹാരാജാസ് കോളേജ്, സെന്റ് ആൽബർട്സ് കോളേജ്, എറണാകുളം ലോ കോളേജ് എന്നിവിടങ്ങളിൽ നിന്ന് പഠനം പൂർത്തിയാക്കിയ ശേഷം അഭിഭാഷകവൃത്തിയിൽ പ്രവേശിച്ച അദ്ദേഹം തൊടുപുഴയിലും മൂവാറ്റുപുഴയിലും ബാർ അസോസിയേഷൻ പ്രസിഡന്റായി പ്രവർത്തിച്ചു.

1965-ൽ നടന്ന തെരഞ്ഞെടുപ്പിൽ ആദ്യമായി മത്സരിച്ചു വിജയം വരിച്ചെങ്കിലും അത്തവണ

നിയമസഭ രൂപീകരിക്കുകയുണ്ടായില്ല. പിന്നീട് മൂന്നാം കേരള നിയമസഭയിൽ മട്ടാഞ്ചേരി നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായി അദ്ദേഹം നിയമസഭയിലെത്തി.

1967 മാർച്ച് 20 മുതൽ 1970 ജൂൺ 26 വരെ അദ്ദേഹം നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം വഹിച്ചു. 1968-70 കാലയളവിൽ പബ്ലിക്ക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെയും 1968-69 കാലയളവിൽ ലൈബ്രറി അഡ്വൈസറി കമ്മിറ്റിയുടെയും 1970-71 കാലയളവിൽ ഹൗസ് കമ്മിറ്റിയുടെയും ചെയർമാനായിരുന്നു അദ്ദേഹം. 1970 മുതൽ 1976 വരെ അദ്ദേഹം കേരള സർവ്വകലാശാലയുടെ സിൻഡിക്കേറ്റംഗമായിരുന്നു.

മുസ്ലീം ലീഗിന്റെ ഉന്നതാധികാര സമിതിയിൽ അംഗമായിരുന്ന ശ്രീ. ജാഫർഖാൻ പാർട്ടിയുടെ എറണാകുളം ജില്ലാ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്.

ശ്രീമതി സി. എ. ഫാത്തിമയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് നാല് പുത്രിമാരുണ്ട്.

2000 മാർച്ച് 5-ാം തീയതി ശ്രീ. ജാഫർഖാൻ അന്തരിച്ചു. 2000 മാർച്ച് 29-ന് നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിക്കുകയുണ്ടായി.